**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** — **13-10-2021 - ൽ മറുപടിയ്ക്ക്**

**വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനവിസ്തൃതി വർധിപ്പിച്ച് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്ന സ്വകാര്യ എസ്റ്റേറ്റ് ഭൂമിക്ക് പ്രതിഫലം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. റീബിൽഡ് കേരള ഡവലപ്പ്മെൻറ് പദ്ധതിയിൽ (RKDP) ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനമാണ് പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെൻറ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്സ്) ആക്റ്റ്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻറ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്റ്റ് 2013 പ്രകാരമോ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി ഉള്ളത്. |
| (ബി) | ഈ പദ്ധതിയിലൂടെ സ്വകാര്യ എസ്റ്റേറ്റുകൾ വിട്ടൊഴിയുന്നതിന് ഉടമകൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ സ്വകാര്യ എസ്റ്റേറ്റ് ഉടമകളുമായി പ്രാരംഭ ചർച്ചകൾ ആരംഭിക്കുകയും ബന്ധപ്പെട്ട രേഖകളുടെ പരിശോധനയും നടത്തി വരുന്നു. സ്വകാര്യ എസ്റ്റേറ്റുകൾ വിട്ടൊഴിയുന്നതിന് സന്നദ്ധരായ ഉടമകളുടെ സ്വകാര്യ എസ്റ്റേറ്റ് ഭൂമിയുടെ വിവരങ്ങൾ ഡിവിഷൻ തലത്തിൽ നിന്നും ശേഖരിച്ച് വരുന്നു. ടി പ്രൊപ്പോസലുകൾ റീ ബിൽഡ് കേരള ഡെവലപ്പ്മെൻറ് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്വകാര്യഭൂമി ഏറ്റെടുത്തുകൊണ്ട് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെൻറിൽമെൻറുകളിൽ അധിവസിക്കുന്ന 800 കുടുംബങ്ങളെ വനത്തിന് |

| | | | |
|---|---|---|---|
| | | | പുറത്തേക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള 80 കോടി രൂപയുടെ കേന്ദ്രധനസഹായത്തോടു കൂടിയുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി 2011-12 മുതൽ നടന്നു വരുന്നു. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിക്കായി 38.94 കോടി രൂപ അനുവദിച്ചതിൽ 37.96 കോടി രൂപ ചെലവാക്കുകയും 339 കുടുംബങ്ങളെ ഇതിനോടകം മാറ്റി പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനപരിപാലനം കാര്യക്ഷമമാക്കുന്നതിനും നടപ്പുവർഷം പരിഗണനയിലുള്ള പരിപാടികളുടെ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനപരിപാലനം കാര്യക്ഷമമാക്കുന്നതിനും നടപ്പുവർഷം നിലവിൽ ചെയ്തുവരുന്നതും പരിഗണനയിലുള്ളതുമായ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തിനോട് ചേർന്ന് കിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള, കിഫ്ബി തുടങ്ങിയ പദ്ധതികൾ മുഖേന ഉൾവനങ്ങളിലെ സ്വകാര്യ ഭൂമികളിൽ താമസിക്കുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകി അർഹരായ കുടുംബങ്ങളെ സ്വയം സന്നദ്ധത പ്രകാരമുള്ള പുനരധിവാസ പദ്ധതിയും പരിഗണനയിലുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്തവനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോറെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനപരിപാലനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വനപരിപാലനത്തിനും, വനസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും, അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും, പുൽമേടുകൾ സംരക്ഷിച്ചും |

| | | | |
|---|---|---|---|
| | | | ജൈവവൈവിധ്യസംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും, വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുവാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിൽ മാലിന്യവും, ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തി വരുന്നുണ്ട്. വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തിയും വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികളും രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വന്യമൃഗവേട്ട തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ